**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1401** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങളെ നവീകരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** വിദ്യാഭ്യാസത്തിലും സാമൂഹിക ചുറ്റുപാടിലും വളരെ മുന്നിൽ നിൽക്കുന്ന കേരളത്തിന്റെ സാംസ്കാരിക പെരുമ കൂടുതൽ ഉയരങ്ങളിൽ എത്തിക്കാൻ സാംസ്കാരിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും സാംസ്കാരിക സ്ഥാപനങ്ങളെ കൂടുതൽ സജീവമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ തുടക്കമായി, സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ സംഘടിപ്പിച്ച അഷ്ടമുടി വാട്ടർഗേറ്റ് മ്യൂസിക് ഫെസ്റ്റിവൽ ശ്രദ്ധേയമായ ഇടപെടലാണ്. സംഗീതവും സിനിമയും സമന്വയിപ്പിച്ചുകൊണ്ട് ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തെ സജീവമാക്കുന്നതിനും സാംസ്കാരിക വൈവിധ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുമാണ് ഫെസ്റ്റിവൽ ലക്ഷ്യമിട്ടത്. സമുച്ചയത്തിന്റെ തുടർപ്രവർത്തനകലണ്ടറും പ്രഖ്യാപിച്ചിട്ടുണ്ട്. സമാനമായ രീതിയൽ മറ്റ് സാംസ്കാരിക സ്ഥാപനങ്ങളേയും സക്രീയവും സചേതനവുമാക്കുവാനുമുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് വർദ്ധിപ്പിക്കാൻ കഴിയുന്ന രീതിയിൽ കൃത്യമായ ഇടവേളകളിൽ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ച് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** സാംസ്കാരിക സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി കലാസാംസ്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, സംഗീതോൽസവങ്ങൾ, വിവിധ ഫെസ്റ്റുകൾ, ശിൽപ്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. ടൂറിസം വകുപ്പുമായി സഹകരിച്ച് സാംസ്കാരിക സ്ഥാപനങ്ങളെ വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൾച്ചറൽ ടൂറിസം എന്ന ആശയത്തിന് പ്രമുഖ്യം നൽകാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**